LIBRARY ARCHIVES Kerala Legislative Assembly

അനെർട്ട് വഴി നടപ്പാക്കുന്ന ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതി

197 (4260) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് വഴി നടപ്പാക്കുന്ന ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതി ആരംഭിച്ചത് എന്നാണ് ; പ്രസ്തുത പദ്ധതി എന്നാണ് അവസാനിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എന്തു തുക ഇതുവരെ ലഭിച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നത് ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതി ആരംഭിച്ചത് 2007 ജൂണിലാണ്. ഈ പദ്ധതി അവസാനിക്കുന്നത് 2012 മാർച്ച് മാസത്തിലാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 30-6-2010 വരെ 34,92,52,271 (മുപ്പത്തിനാല് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പവർലൈൻ മാപ്പിംഗ്, മാൻഡേറ്ററി സർവ്വേ, ഊർജ്ജോപകരണങ്ങളുടെ വിതരണം, ജൈവദ്രവ്യ ഗ്യാസിഫയറുകൾ, സാമൂഹിക ജൈവ വാതക പ്ലാന്റുകളുടെ സ്ഥാപനം എന്നീ പദ്ധതികൾക്കാണ് ഈ തുക വിനിയോഗിച്ചു വരുന്നത്.

(ഡി) പദ്ധതികൾ എല്ലാം പൂർണ്ണതോതിൽ നടന്നുവരുന്നു.

ഭൂമി ഇടപാടിൽ അനെർട്ടിൽ അഴിമതി

198 (4261) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിന്റെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം നഗര പരിധിക്കുള്ളിൽ ശിലാസ്ഥാപനം നടത്തുകയുണ്ടായോ ; എങ്കിൽ ഇതിന്റെ പണി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ കുഴൽമന്ദം നിയോജകമണ്ഡലത്തിൽ സ്വകാര്യ വ്യക്തികളിൽ നിന്നും അനെർട്ട് ഭൂമി പൊന്നും വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ ;